## ആശൂറാഇലെ പ്രത്യേക കർമ്മങ്ങൾ

വ്രതാനുഷ്ഠാനമാണ് ആശൂറാഅ് ദിനത്തിൽ പ്രത്യേകം കൽപ്പിക്കപ്പെട്ട പ്രഥമ കാര്യം. അംർ ഇബ്നുൽ ആസ്വി(റ)യിൽ നിന്ന് അബു മൂസാ അൽമദീനി(റ) ഉദ്ധരിച്ച ഹദീസിൽ നബി(സ്വ) പറയുന്നു: ''ആശൂറാഇന്റെ നോമ്പ് ഒരു വർഷത്തെ നോമ്പിന് തുല്യമാണ്'' (ഇർശാദ്:76, അജ്വിബ:50,51). ആശൂറാഅ് ദിനത്തിലെ സ്വദഖഃ, ഒരു വർഷത്തെ സ്വദഖഃകൾക്കു തുല്യമാണെന്നും മേൽപറഞ്ഞ ഹദീസിന്റെ അവസാന ഭാഗത്തു്.

ആശൂറാഅ് ദിവസം ആശ്രിതർക്ക് വിശാലത ചെയ്താൽ അവന് വർഷം മുഴുവൻ അല്ലാഹു വിശാലത ചെയ്യുമെന്ന ഹദീസ് ഇബ്നു അബ്ദിൽ ബർറ്(റ), ത്വബ്റാനീ(റ), ബൈഹഖീ(റ)യുടെ ശുഅബുൽ ഈ മാൻ, ശർവാനീ:3/455, കുർദീ:2/199 തുടങ്ങിയ ധാരാളം ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയതായി കാണാം.

പ്രസ്തുത ഹദീസിൽ പറഞ്ഞതനുസരിച്ച് അമ്പതോ അറുപതോ വർഷങ്ങളിലെ ആശൂറാഉകളിൽ കുടുംബത്തിന് വിശാലത ചെയ്തുകൊ് ഓരോ വർഷവും അല്ലാഹു ഞങ്ങൾക്ക് വിശാലത ചെയ്യുന്നത് അനുഭവപ്പെടുകയുായി എന്ന് ഇമാം സുഫ്യാൻ ഇബ്നു ഉയയ്ന(റ) പറഞ്ഞിട്ടുണ്ട ്(ഇർശാദ്:76). ഗു ഫ്യാൻ(റ) അമ്പതോ അറുപതോ വർഷക്കാലം പരിശോധിച്ചു ബോധ്യപ്പെട്ട സംഭവം യാഥാർഥ്യമാണെ ന്ന് ഇമാം ഇബ്നു ഹജർ അൽഹൈതമി(റ) രേഖപ്പെടുത്തുന്നു (അജ്വിബ:50,51). പ്രസ്തുത ഹദീസിൽ പറഞ്ഞതു പ്രകാരം പരിശോധിച്ചു നോക്കിയപ്പോൾ അതിൽ പറയപ്പെട്ട നേട്ടം ഞങ്ങൾക്കെല്ലാം ഉായിട്ടുന്നെ് ആ ഹദീസിന്റെ ധാരാളം റിപ്പോർട്ടർമാർ പറഞ്ഞിട്ടു് (കുർദീ:2/199, തർശീഹ്:170). സുഭിക്ഷമായ ഭക്ഷണപാനീയങ്ങൾ ആശൂറാഅ് ദിനത്തിൽ തയ്യാറാക്കലും ബന്ധുക്കൾക്കും പാവപ്പെട്ടവർക്കും വിതരണം ചെയ്യലും സുന്നത്താണ്. ചിലവു ചെയ്യുന്നതിൽ ലുബ്ധ് കാട്ടാതിരിക്കലും ആവശ്യമാണ്. എന്നാൽ, പ്രസ്തുത ദിനം പെരുന്നാൾ ആഘോഷം പോലെ കൊാടാനും പാടില്ല. ഇമാം മുസ്ലിം(റ) രേഖപ്പെടുത്തിയ ഹദീസിൽ ഇതുന്നെ് ഇമാം ഇബ്നു ഹജർ(റ) വ്യക്തമാക്കുന്നു (അൽ അജ്വിബ: 50,51).

END